**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 254 — 28.11.2018 ൽ മറുപടിക്ക്

## ആയുഷ്മാൻ ഭാരത്

| ചോദ്യം<br>ശ്രീ.കെ.മുരളീധരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ആയുഷ്മാൻ ഭാരതിൽ സംസ്ഥാന സർക്കാർ പങ്കാളിയാകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെങ്കിലും ആശങ്കകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഇല്ല. |
| (സി) | നിലവിലുള്ള സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് മുഴുവൻ ആയുഷ്മാൻ ഭാരതിന്റെ ഗുണഫലം ലഭിക്കുവാൻ സാധ്യതയുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിനായി എന്ത് ബദൽ നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്; | (സി) | നിലവിലെ സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ (RSBY/CHIS) ഗുണഭോക്താക്കൾ എല്ലാവർക്കും പുതിയ പദ്ധതി ആയ ആയുഷ്മാൻ ഭാരതിന്റെ ആനുകൂല്യം ലഭ്യമാകുന്നതാണ്. |
| (ഡി) | കാരുണ്യ ഉൾപ്പെടെ നിലവിലുള്ള പദ്ധതികൾ ആയുഷ്മാൻ ഭാരതിൽ ലയിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ.; ഉണ്ടെങ്കിൽ കേന്ദ്ര പ്രതികരണം എന്താണ്;വിശദമാക്കാമോ; | (ഡി) | ഇത് തീരുമാനിക്കേണ്ടത് കേരള സർക്കാരാണ്. ആയത് ലയിപ്പിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ഇ) | ഈ പദ്ധതിയിൽ ചേരുന്നത് സംസ്ഥാന താല്പര്യങ്ങൾക്ക് അനുയോജ്യമല്ല എന്ന അഭിപ്രായം ഉണ്ടായിരുന്നോ; എങ്കിൽ ഇത് മാറ്റാനുള്ള പ്രത്യേക സാഹചര്യമെന്താണ്; വിശദമാക്കാമോ;? | (ഇ) | കേന്ദ്ര സർക്കാർ തയ്യാറാക്കിയ MoU യിൽ സംസ്ഥാനങ്ങൾക്ക് മതിയായ സ്വാതന്ത്ര്യം നൽകിയിരുന്നില്ല. എന്നാൽ ഈ വ്യവസ്ഥകൾ മാറ്റാൻ കേന്ദ്ര സർക്കാർ തയ്യാറായതിനെ തുടർന്നാണ് പദ്ധതിയിൽ ചേരാൻ കേരള സർക്കാർ തീരുമാനിച്ചത്. |

സെക്ഷൻ ഓഫീസർ